ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-11-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു. നിയമസഭയിൽ വീണ്ടുമെത്താനായത് ഗൃഹാതുരത നിറയ്ക്കുന്ന അനുഭവമാണെന്ന് രാഷ്ട്രപതി.

   President Droupadi Murmu addressed the Odisha Legislative Assembly.

2. ഇന്ത്യയുടെ ബഹിരാകാശ മേഖല, ആഗോള നിക്ഷേപകർക്ക് ആകർഷക കേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says India's space sector is becoming attractive destination for global investors; Inaugurates Skyroot's Infinity Campus through video conferencing.

3. ഭിന്നശേഷിക്കാർക്ക് നേരെയുണ്ടാകുന്ന അധിക്ഷേപകരമായ പരാമർശങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകി സുപ്രീംകോടതി.

   The Supreme Court has asked the Centre to mull stringent law to deal with derogatory remarks against disabled.

4. സംസ്ഥാനത്ത് തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. ഭിന്നശേഷി വോട്ടർമാർക്കായി പ്രത്യേക ക്രമീകരണങ്ങളൊരുക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ .

Campaigning for the local body elections in the state is progressing intensively. The State Election Commission has arranged special facilities for differently-abled voters.

5. 2025-26 കാലയളവിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 6.6 ശതമാനം വളർച്ച കൈവരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി.

   The International Monetary Fund estimates that the Indian economy will grow by 6.6% during 2025–26.

6. ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം

   The Goa International Film Festival will conclude tomorrow

***************************

## PRESIDENT

ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു . നിയമസഭയിൽ വീണ്ടും സംസാരിക്കാനായത് ഗൃഹാതുരത നിറയ്ക്കുന്ന അനുഭവമാണെന്ന് രാഷ്ട്രപതി പറഞ്ഞു. തന്നെ ഇന്ന് കാണുന്ന വ്യക്തിയാക്കി മാറ്റിയതിൽ ഒഡീഷ നിയമസഭയ്ക്ക് വലിയ പങ്കുണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു. ഒഡീഷ നിയമസഭയുടെ ശൈത്യകാല സമ്മേളനത്തിന്റെ ഭാഗമായാണ് രാഷ്ട്രപതി സഭയെ അഭിസംബോധന ചെയ്തത്. 2000, 2004 വർഷങ്ങളിൽ ഒഡിഷയിലെ റായ് രംഗ്പൂരിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു ശ്രീമതി മുർമു.

***************************

## PM – SKYROOT CAMPUS

ഇന്ത്യയുടെ ബഹിരാകാശ മേഖല, ആഗോള നിക്ഷേപകർക്ക് ആകർഷക കേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്കൈറൂട്ട് ഇൻഫിനിറ്റി കാമ്പസ് ഉദ്ഘാടന ചടങ്ങിനെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന

ചെയ്യുകയായിരുന്നു അദ്ദേഹം. വരും വർഷങ്ങളിൽ ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥ പലമടങ്ങ് വളരുമെന്നും, രാജ്യത്തെ യുവാക്കൾക്ക് ഇത് പുതിയ അവസരങ്ങൾ തുറന്നു നൽകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**************************************

## PM VISIT- KARNATAKA AND GOA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കർണാടകവും ഗോവയും സന്ദർശിക്കും. ഉഡുപ്പി ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്ന പ്രധാനമന്ത്രി ഗീതാപാരായണ പരിപാടിയിൽ പങ്കെടുക്കും. ക്ഷേത്ര സന്നിധിയിലെ സുവർണ്ണ തീർത്ഥ മണ്ഡപം അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗോവയിലെ ശ്രീസംസ്ഥാൻ ഗോകർണ മഠത്തിൻറെ 550-ാം വാർഷികാഘോഷത്തിലും ശ്രീ മോദി പങ്കെടുക്കും. ശ്രീരാമന്റെ 77 അടി ഉയരമുള്ള വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യുന്ന പ്രധാനമന്ത്രി രാമായണ തീം പാർക്ക് ഗാർഡൻറെ ഉദ്ഘാടവും നിർവഹിക്കും. പ്രത്യേക തപാൽ സ്റ്റാമ്പും അനുസ്മരണ നാണയവും അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്യും.

**************************************

## RAJNATH INDIA- INDONESIA (ഇൻട്രോ)

നയതന്ത്രപങ്കാളിത്തവും, പ്രതിരോധ മേഖലയിലെ ഉഭയകക്ഷി സഹകരണവും ശക്തിപ്പെടുത്താൻ ഇന്ത്യയ്ക്കും ഇന്തോനേഷ്യയ്ക്കുമിടയിൽ ധാരണ. ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള സാംസ്കാരിക ബന്ധമാണ് ഇരു രാജ്യങ്ങളും പങ്കിടുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന മൂന്നാമത് ഇന്ത്യ–ഇന്തോനേഷ്യ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . ഇന്തോ പെസഫിക് മേഖലയിൽ സമാധാനവും, സുസ്ഥിരതയും, സുതാര്യതയും

നിലനിർത്തേണ്ടതിൻറെ പ്രാധാന്യത്തെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു.

(ഹോൾഡ്)

*****************************

## SC-DISABLE

ഭിന്നശേഷിക്കാർക്ക് നേരെയുണ്ടാകുന്ന അധിക്ഷേപകരമായ പരാമർശങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകി സുപ്രീംകോടതി. അധിക്ഷേപങ്ങൾ ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാക്കുന്ന വിധത്തിൽ നിയമനിർമാണം നടത്തണമെന്നും കോടതി നിർദ്ദേശിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ അശ്ലീലവും, നിയമവിരുദ്ധവുമായ ഉള്ളടക്കങ്ങൾ നിയന്ത്രിക്കാൻ സ്വതന്ത്രമായ സ്വയംഭരണ സംവിധാനം രൂപീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബഞ്ച് വ്യക്തമാക്കി. ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണെന്നും കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു. ഇന്ത്യാസ് ഗോട്ട് ലേറ്റൻറ് ഷോയിലെ പരാമർശങ്ങൾക്കെതിരെ എസ്എംഎ ക്യുവർ ഫൗണ്ടേഷൻ സമർപ്പിച്ച ഹർജിയിലാണ് കോടതി ഇടപെടൽ.

*****************************

## ELECTION CAMPAIGN

സംസ്ഥാനത്ത് തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. സ്ഥാനാർത്ഥികൾ വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിലാണ്. വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള മുതിർന്ന നേതാക്കളും സ്ഥാനാർത്ഥികൾക്കായി പ്രചാരണ രംഗത്ത് സജീവമാണ്. വാർഡ് കൺവൻഷനുകൾക്കു പിന്നാലെ ബൂത്തുതല യോഗങ്ങളും കുടുംബ സംഗമങ്ങളും വാർഡുകളിൽ പുരോഗമിക്കുകയാണ്. വോട്ടെടുപ്പിനായി മുപ്പത്തി മൂവായിരത്തി എഴുന്നൂറ്റി

പതിനൊന്ന് പോളിംഗ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് സജ്ജമാക്കുന്നത്. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നു നടക്കും.

******************************

## VISUALLY IMPAIRED (INTRO)

കാഴ്ച പരിമിതിയുള്ള വോട്ടർമാർക്ക് തദ്ദേശ തിരഞ്ഞെടുപ്പിൽ സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ബാലറ്റ് യൂണിറ്റിന്റെ വലതു വശത്തു ബ്രെയിലി ലിപി ആലേഖനം ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ . കാഴ്ചപരിമിതിയോ, അവശതകളോ ഉള്ളവർക്ക് വോട്ട് ചെയ്യാൻ സഹായിയെ ഒപ്പം കൂട്ടാമെന്നും കമ്മീഷൻ അറിയിച്ചു.

**വിശദാംശ ങ്ങളിലേക്ക്.......**

(വോയ്സ്)

കാഴ്ച പരിമിതിയുള്ളവരും ശാരീരിക അവശതയുള്ളവരും രോഗബാധിതരും പ്രായമായവരുമായ വോട്ടർമാർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ടുരേഖപ്പെടുത്തുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്താൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഭിന്നശേഷിയുള്ള വോട്ടർമാരുടെ സൗകര്യാർത്ഥം എല്ലാ പോളിംഗ് സ്റ്റേഷനുകളിലും റാമ്പ് ഉറപ്പാക്കും. പോളിങ് സ്റ്റേഷനിൽ കുടിവെള്ളം, ഇരിക്കാനുള്ള സൗകര്യം എന്നിവ ഒരുക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കാഴ്ച പരിമിതിയോ മറ്റ് ശാരീരിക അവശതയോ ഉള്ള സമ്മതിദായകർക്ക് 18 വയസ്സിനു മുകളിലുള്ള ഒരു സഹായിയെ വോട്ട് രേഖപ്പെടുത്താൻ ഒപ്പം കൊണ്ടുപോകാൻ അനുമതി നൽകും. സമ്മതിദായകന് പരസഹായം കൂടാതെ ബാലറ്റിംഗ് യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ, ബട്ടൺ അമർത്തി വോട്ടു രേഖപ്പെടുത്തുന്നതിനോ കഴിയുന്നില്ലെന്ന് പ്രിസൈഡിങ്

ഓഫീസർക്ക് ബോധ്യപ്പെട്ടാൽ മാത്രമേ ഇതനുവദിക്കൂ. ഇത്തരത്തിൽ അനുവദിക്കുമ്പോൾ വോട്ടറുടെ ഇടതു കൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടുന്നതോടൊപ്പം, സഹായിയുടെ വലതു കൈയിലെ ചൂണ്ടുവിരലിലും മായാത്ത മഷി പുരട്ടും.

**ന്യൂസ് ഡസ്ക്, ആകാശവാണി**

****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

****************************

## NAVY DAY–PRESIDENT KERALA

രാഷ്ട്രപതി ദ്രൗപദി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. നാവികസേന ദിനത്തോട് അനുബന്ധിച്ച് ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി ആതിഥേയത്വം വഹിക്കുന്ന പരിപാടിയിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. ഈ മാസം 29 നും ഡിസംബർ ഒന്നിനും ശംഖുമുഖം ബീച്ചിൽ പരിപാടിയുടെ ഫുൾ ഡ്രസ്റിഹേഴ്സൽ നടക്കും. അന്നേ ദിവസം രാജ്ഭവനിൽ തങ്ങിയ ശേഷം ഡിസംബർ നാലിന് രാവിലെ രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

****************************

## RAHUL MAMKOOTATHIL

രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യ്ക്കെതിരെ ലൈംഗിക പീഡനത്തിന് മുഖ്യമന്ത്രിയ്ക്ക് പരാതി നൽകി യുവതി. ഇന്ന്

ഉച്ചയോടെ സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിയാണ് യുവതി പരാതി നൽകിയത്. വാട്സ്ആപ്പ് ചാറ്റുകൾ, ഫോട്ടോകൾ, ഫോൺ സംഭാഷണങ്ങൾ ഉൾപ്പെടെയുള്ള ഡിജിറ്റൽ തെളിവുകൾ സഹിതമാണ് പരാതി നൽകിയിരിക്കുന്നത്. പരാതിയിൽ പോലീസിൻറെ ഭാഗത്തു നിന്നും ഉടൻ നടപടി ഉണ്ടാകുമെന്നാണ് ലഭിക്കുന്ന സൂചന.

*******************************

## ASSAM–POLIGAMY BILL

ബഹുഭാര്യത്വത്തിനെതിരെ നിയമം പാസ്സാക്കി അസം നിയമസഭ. ആദ്യ വിവാഹം നിയമപരമായി വേർപിരിയാതെ രണ്ടാം വിവാഹത്തിൽ ഏർപ്പെടുന്നത് കുറ്റകരമാക്കുന്നതാണ് പുതിയ നിയമം. ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുന്ന അസ്സമിലെ ഗോത്രവർഗ്ഗ മേഖലകൾക്ക് നിയമം ബാധകമല്ല .

*******************************

## IMF

2025-26 കാലയളവിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 6.6 ശതമാനം വളർച്ച കൈവരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി. ജി.എസ്.ടി പരിഷ്കരണം, അമേരിക്ക ചുമത്തിയ അധിക തീരുവയുടെ ആഘാതം കുറച്ചതായും I.M.F റിപ്പോർട്ടിൽ പറയുന്നു. സമഗ്രമായ ഘടനാ പരിഷ്കരങ്ങൾ, വലിയ തോതിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് പിന്തുണ നൽകുന്നതായും റിപ്പോർട്ടിലുണ്ട്.

*******************************

## IFFI

ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശീല വീഴും. ലോകരാജ്യങ്ങളിൽ നിന്നുള്ള നിരവധി ചിത്രങ്ങളും, മലയാളമടക്കമുള്ള ഇന്ത്യൻ ഭാഷകളിലെ ചിത്രങ്ങളും മേളയിൽ പ്രേക്ഷകശ്രദ്ധ നേടുകയാണ്. പ്രശസ്ത ഛായാഗ്രാഹകൻ കെ വൈകുണ്ഠിനോടുള്ള ആദരാർത്ഥം പ്രത്യേക അനുസ്മരണ സ്റ്റാമ്പ് മേളയിൽ പുറത്തിറക്കി. ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് പ്രകാശനം നിർവഹിച്ചു.

****************************

## IITF

ഇന്ത്യ അന്താരാഷ്ട്ര ട്രേഡ് ഫെയറിന് ന്യൂഡൽഹിയിൽ ഇന്ന് സമാപനം. ഈ മാസം 14 ന് ഭാരത് മണ്ഡപത്തിൽ ആരംഭിച്ച ആഗോള വ്യാപാര മേള ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം പ്രദർശിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ മേളയിൽ പവലിയൻ ഒരുക്കിയിരുന്നു.

****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും, നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും നാളെ വരെ അറിയിക്കാം.

****************************

## CBDT CAMPAIGN

ആദായ നികുതി റിട്ടേണുകളിലെ വിദേശ ആസ്തികൾ, വിദേശ വരുമാന ഉറവിടം എന്നിവ സംബന്ധിച്ച വിവരശേഖരണത്തിനായി നഡ്ജ് എന്ന പേരിൽ പ്രത്യേക കാമ്പെയ്ൻ ആരംഭിച്ച് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് . അടുത്ത മാസം 31 ന് മുൻപായി റിട്ടേണുകൾ പുതുക്കി നൽകി ശിക്ഷാ നടപടികൾ ഒഴിവാക്കാൻ നികുതിദായകർക്ക് അവസരം ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ബന്ധപ്പെട്ട നികുതിദായകരെ തിരിച്ചറിയുന്നതിന് നാളെ മുതൽ SMS ഉം ഇമെയിലും അയയ്ക്കുമെന്ന് CBDT അറിയിച്ചു.

************************************************************************